RECEIVED 01/06/2020

4/03/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.863(6)/2016/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.6425/SIC-Gen5/2016**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. രാജേഷ് കെ.,
കേലത്ത് വീട്,
എടയൂർ നോർത്ത് പി.ഒ.,
വളാഞ്ചേരി വഴി,
മലപ്പുറം – 676 552.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അസിസ്റ്റന്റ് സെക്രട്ടറി,
വളാഞ്ചേരി നഗരസഭാ കാര്യാലയം,
മലപ്പുറം – 676 552.

2. അപ്പീൽ അധികാരി & സെക്രട്ടറി,
വളാഞ്ചേരി നഗരസഭാ കാര്യാലയം,
മലപ്പുറം – 676 552.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 22/02/2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 22/03/2016 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 26/03/2016 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 06/05/2016 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 23/05/2016 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 26/05/2016 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 13/06/2016 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 25/06/2016 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 03/03/2020 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, മലപ്പുറം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ.രാജേഷ് കെ., കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട പകർപ്പ് എതിർകക്ഷി നൽകിയില്ല എന്നും ആയതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ

സമർപ്പിച്ചുവെങ്കിലും ആയതുപ്രകാരവും ടിയാൻ ആവശ്യപ്പെട്ട പകർപ്പ് ലഭിച്ചില്ല എന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, വളാഞ്ചേരി നഗരസഭയിലെ നടക്കാവിൽ നൂറുദ്ദീൻ എന്നയാളുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് നമ്പർ (6/389, 390) നൽകുന്നതിനുവേണ്ടി നഗരസഭയിൽ സമർപ്പിച്ച മുഴുവൻ രേഖകളുടെയും അതിന്മേൽ സ്വീകരിച്ച നടപടിക്രമങ്ങളുടെയും പകർപ്പ് അനുവദിച്ചു നൽകണമെന്നാണ്. മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ശ്രീ. നൂറുദ്ദീന്റെ ഉടമസ്ഥതയിലുള്ള 6/389, 390 നമ്പർ കെട്ടിടങ്ങൾക്ക് 2003-04 വർഷത്തിലാണ് പഞ്ചായത്ത് നമ്പർ അനുവദിച്ചതായി കാണുന്നത് എന്നും വാർഡ് 7-ൽ 498എ മുതൽ 498 ജെ വരെയുള്ള നമ്പറുകൾ നൽകിയിട്ടുണ്ടെന്നും അക്കാലത്തെ ഡിമാന്റ് രജിസ്റ്ററിൽ മേൽപ്പടി വിഷയം സംബന്ധിച്ച് നടത്തിയിട്ടുള്ള രേഖപ്പെടുത്തലുകൾ മാത്രമാണ് കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളതെന്നും ആയതിന്റെ പകർപ്പ് 6/- രൂപ ഒടുക്കുന്ന മുറയ്ക്ക് നൽകുന്നതാണെന്നുമാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാൻ ആവശ്യപ്പെട്ട രേഖകൾ ഒന്നാം എതിർകക്ഷി നൽകിയിട്ടില്ല എന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ സമയബന്ധിതമായി ഒന്നാം എതിർകക്ഷി മറുപടി നൽകാത്തതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ സൗജന്യമായി നൽകണമെന്നാണ്. ആയതുപ്രകാരം ഒന്നാം എതിർകക്ഷി 12.5.2016 തീയതി ഹർജിക്കാരന് നൽകാമെന്ന് സമ്മതിച്ച രേഖയുടെ പകർപ്പ് നൽകിയിട്ടുള്ളതായി കാണുന്നു.

3. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ 2003-04 കാലയളവിൽ കെട്ടിട നികുതി നിർണ്ണയത്തിന് സമർപ്പിച്ച രേഖകളായിരുന്നു എന്നും ആയത് കണ്ടെത്തുന്നതിലേക്ക് സാധ്യമായ എല്ലാ ശ്രമവും നടത്തിയിട്ടുള്ളതാണെന്നും എതിർകക്ഷി ഓഫീസിലെ കുറെ രേഖകൾ ചിതലരിച്ചും ഈർപ്പം മൂലവും മറ്റും നഷ്ടപ്പെട്ടിട്ടുണ്ടെന്നും 2003-04 കാലയളവിലെ കെട്ടിട നികുതി നിർണ്ണയ രജിസ്റ്റർ, പകർപ്പ് പോലും എടുക്കാൻ കഴിയാത്തവിധം ജീർണ്ണിച്ച അവസ്ഥയിലാണെന്നും മറ്റുമാണ്.

4. കമ്മീഷൻ മുമ്പാകെ ഹാജരായ ഒന്നാം എതിർകക്ഷി ബോധിപ്പിച്ചത്, 2003-04 കാലയളവിൽ പരാമർശിത കെട്ടിടങ്ങൾക്ക് പഞ്ചായത്താണ് നമ്പർ നൽകിയത് എന്നും മേൽപ്പടി കാലഘട്ടത്തിൽ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് നിലവിൽ ഉണ്ടായിരുന്നില്ല എന്നും ആയതിനാൽ മേൽപ്പടി കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട രേഖകൾ മാത്രമാണ് കെട്ടിട ഉടമസ്ഥൻ സമർപ്പിച്ചിരുന്നത് എന്നും അത്തരത്തിലുള്ള രേഖകൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ കണ്ടെത്തി നൽകാൻ കഴിഞ്ഞിട്ടില്ല എന്നു കാണുന്നു. മേൽപ്പടി രേഖകൾ പഞ്ചായത്ത് ആയിരുന്ന കാലയളവിലേതായിരുന്നു എന്നും വളാഞ്ചേരി നഗരസഭാ കാര്യാലയത്തിൽ മേൽപ്പടി രേഖകൾ കണ്ടെത്താൻ

കഴിഞ്ഞിട്ടില്ല എന്നും കാണുന്നു. എന്നാൽ ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്ററിന്റെ പകർപ്പ് ഹർജിക്കാരന് സൗജന്യമായി നൽകിയിട്ടുള്ളതായും കാണുന്നു. പരാമർശിത കാലയളവിലെ പല രജിസ്റ്ററുകളും ചിതലരിച്ചു പോയ രീതിയിലും ജീർണ്ണിച്ച അവസ്ഥയിലുമായിരുന്നു എന്നു നിലവിലെ ഒന്നാം എതിർകക്ഷി ബോധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ കണ്ടെത്തി നൽകുക എന്നത് തികച്ചും ദുഷ്ക്കരവും അപ്രായോഗികമായതിനാൽ മേൽപ്പടി വിഷയത്തിൽ ഫലപ്രദമായ എന്തെങ്കിലും ഉത്തരവുകൾ പുറപ്പെടുവിക്കുവാൻ കമ്മീഷന് നിർവ്വാഹമില്ല. ആയതിനാൽ ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 മാർച്ച് 4–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

STATE INFORMATION COMMISSION • KERALA, THIRUVANANTHAPURAM •

us